LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി

27 (*87) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശുദ്ധജല ദൗർലഭ്യം കൂടുതൽ അനുഭവപ്പെടുന്ന തീരമേഖല, കുട്ടനാടൻ പ്രദേശങ്ങൾ, മറ്റ് സമാനമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രാധാന്യം നല്കി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) തിരുവനന്തപുരം, മീനാട് (കൊല്ലം), ചേർത്തല (ആലപ്പുഴ), കോഴിക്കോട്, പട്ടുവം (കണ്ണൂർ) എന്നീ ജില്ലകളിലാണ് ഇപ്പോൾ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതുപോലുള്ള പദ്ധതി പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) തീരമേഖല, കുട്ടനാടൻ പ്രദേശങ്ങൾ, മറ്റ് സമാനമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കുട്ടനാടിനു വേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഓൺലൈൻ മരുന്നു വ്യാപാരം

28 (*88) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യത്തിന് ഭീഷണി ഉയർത്തി, യാതൊരു നിയന്ത്രണവുമില്ലാതെ സംസ്ഥാനത്ത് ഓൺലൈൻ മരുന്നു വ്യാപാരം നടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;